"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - എറണാകുളം നമ്പർ 1 ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഇൻഷ്വേർഡ് പേഴ്സണായ ശ്രീ. ബാബു.കെ.ആർ ന്റെ മാതാവിന്റെ ചികിത്സ – എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്ററിന് ചികിത്സാ ചെലവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.728/2025/LBR തീയതി,തിരുവനന്തപുരം, 18-06-2025

---

പരാമർശം:- 1) എറണാകുളം ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടിന്റെ 01.02.2025 ലെ G2-641/2025/11463/Supdt/ESIH/EKM നമ്പർ ഉത്തരവ്.

2) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 09.05.2025 ലെ എസ്2-1145/2025/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ എറണാകുളം നമ്പർ 1 ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഇൻഷ്വേർഡ് പേഴ്സണായ ശ്രീ. ബാബു.കെ.ആർ ന്റെ (ഐ.പി നം. 4708021535) മാതാവ് ഇ.എസ്.ഐ എംപാനൽഡ് ആശുപത്രിയായ എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്ററിൽ ചികിത്സ തേടിയിരുന്നു. ടി വ്യക്തിക്ക് ക്യാഷ് ലെസായി ചികിത്സ നൽകിയതിൽ ചെലവായ 4,55,661/- രൂപ അനുവദിക്കണമെന്ന് പ്രസ്തുത ആശുപത്രിയിലെ അധികൃതർ അഭ്യർത്ഥിച്ചിരുന്നു. ഇക്കാര്യത്തിൽ 3,88,578/- രൂപ അനുവദിക്കാവുന്നതാണെന്ന് എറണാകുളം ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ട് പരാമർശം (1) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ആയത് ശിപാർശ ചെയ്ത് പരാമർശം (2) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ എറണാകുളം നമ്പർ 1 ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഇൻഷ്വേർഡ് പേഴ്സണായ ശ്രീ. ബാബു.കെ.ആർ ന്റെ (ഐ.പി നം. 4708021535) മാതാവിന്റെ ക്യാഷ് ലെസ് ചികിത്സയ്ക്ക് (Sepsis with Septic shock, Aspiration Pneumonia) ഇ.എസ്.ഐ എംപാനൽഡ് ആശുപത്രിയായ എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്ററിൽ 16.05.2024 മുതൽ 05.06.2024 വരെ ചെലവായ തുകയിൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ അനുവദനീയമാണെന്ന് അറിയിച്ചിരിക്കുന്ന തുകയായ 3,88,578/- രൂപ (മൂന്ന് ലക്ഷത്തി എൺപത്തിയെട്ടായിരത്തി

അഞ്ഞൂറ്റിയെഴുപത്തിയെട്ട് രൂപ മാത്രം) **2210-01-102-96-03(NP)** എന്ന ശീർഷകത്തിൽ നിന്നും പ്രസ്തുത എംപാനൽഡ് ആശുപത്രിക്ക് അനുവദിക്കുന്നതിന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം (ഒറിജിനൽ ബില്ലുകൾ സഹിതം)
സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, എറണാകുളം. (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ മുഖേന).
ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, എറണാകുളം നമ്പർ **1** ഇ.എസ്.ഐ ഡിസ്പെൻസറി. (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ മുഖേന).
അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്റർ, പോണേക്കര.പി.ഒ, കൊച്ചി - **41.**
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ)വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 18-06-2025 17:55:25
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.